DIGITAL MAGAZINE

# തരംഗ്-24



## G.H.S.S VETTATHUR

# തരംഗ്-24



സ്റ്റുഡന്റ് എഡിറ്റർ--മുഹമ്മദ് ഫിനാഷ്
സബ് എഡിറ്റേർസ്-- നാഹില.കെ, ഡാനിയ,കെ
അസിസ്റ്റന്റ് എഡിറ്റേർസ്-- ബാസിം, ഷഹസാദ്, മുസ്തഫ,
അൻഷിദ്, നിവേദ്, അസ്ലം, നിഹാൽ, ശ്രേയ, ഷദ, സന







STUDENT EDITOR

SUB EDITORS

# *OUR GUIDING STAR*



# Mrs. Radhika

**HM. Ghss Vettathur**

# ജി.എച്ച്.എസ്.എസ്
# വെട്ടത്തൂർ



മലപ്പുറം ജില്ലയിലെ വണ്ടൂർ വിദ്യാഭ്യാസ ജില്ലയിലെ, മേലാറ്റൂർ ഉപജില്ലയിലെ, വെട്ടത്തൂർ എന്ന സ്ഥലത്തുള്ള ഒരു സർക്കാർ വിദ്യാലയമാണ് വെട്ടത്തൂർ ഗവൺമെന്റ് ഹയർസെക്കന്ററി സ്ക്കൂൾ. വെട്ടത്തൂരിലെ സംഘടനകളുടെയും അദ്ധ്യാപകരുടെയും കൂട്ടായ്മയിലൂടെ 9-9-1974 ൽ സ്ഥാപിതമായി. സ്കൂൾ രൂപീകരണത്തിൽ ആദ്യമായി മുൻകൈ എടുത്തത് പുത്തൻ കോട്ട് മുഹമ്മദലി ഹാജിയാണ്.അദ്ദേഹവും കെ .കെ. കുഞ്ഞാലൻ ഹാജിയുമാണ് സ്ക്കുളിന്റെ സ്പോൺസർമാർ.പി.എം .സാദിഖ് മൗലവി,കുട്ടിച്ചേട്ടൻ ,ടി മൊയ്തുമാസ്റ്റർ എന്നിവർ സ്ക്കുളിന്റെ പ്രാരംഭപ്രവർത്തകരാണ്.ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ.ടി.ജെ.എബ്രഹാം മാസ്റ്ററായിരുന്നു.സ്ക്കുളിന് സ്വന്തമായി കെട്ടിടം ആകുന്നതു വരെ വെട്ടത്തൂർ മുനവ്വീറിൽ ഇസ്ലാം മദ്രസ്സയിലായിരുന്നു ക്ലാസ്സുകൾ നടന്നിരുന്നത്.1987 ൽ സ്ഥിരം കെട്ടിടമായി.2000-മാണ്ടിൽ ഈ വിദ്യാലയം ഹയർസെക്കന്ററിയായി ഉയർന്നു.

| | |
|---|---|
| റവന്യൂ ജില്ല | മലപ്പുറം |
| വിദ്യാഭ്യാസ ജില്ല | വണ്ടൂർ |
| ഉപജില്ല | മേലാറ്റൂർ |
| പ്രധാന അധ്യാപിക | ശ്രീമതി. രാധിക ടീച്ചർ |

# ഭൗതികസൗകര്യങ്ങൾ

ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടർ ലാബുകൾ

സ്ക്രൂൾ ബസ് സൗകര്യം

വിശാലമായ കളിസ്ഥലം

ലൈബ്രറി & റീഡിംഗ് റൂം

സ്മാർട്ട് റൂം

ഐ.ഇ.ഡി ക്ലാസ്സ് റൂമുകൾ

ഓഡിറ്റോറിയം

സയൻസ് ലാബുകൾ










# ക്ലബ് പ്രവർത്തനങ്ങൾ

വിദ്യാരഗംകലാസാഹിത്യവേദി,ഹരിത ഫിലിം ക്ലബ്,ദേശീയഹരിതസേന,ഇംഗ്ലീഷ്ക്ലബ് ,സോഷ്യൽ സയൻസ് ക്ലബ്,ഗണിതക്ലബ്.ഹിന്ദിക്ലബ്,അറബിക് ക്ലബ്,ഐ.റ്റി ക്ലബ് എന്നിവ സജീവമാണ്.സ്ക്രൂളിന്റെ മനസ് രൂപപ്പെടുത്താൻ ക്ലബ് പ്രവർത്തനങ്ങൽക്ക് സാധിച്ചു.അവധിക്കാലത്ത് പോലും ക്ലബുകൾ സജീവമാണ്.അതുകൊണ്ട് തന്നെ 4 സിനിമകൾ നിർമ്മിക്കാൻ സാധിച്ചു. വരണ്ടുകിടന്നിരുന്ന ചുറ്റുപാടുകൾ പച്ച പിടിച്ചു.മികച്ച തിരക്കഥക്കും , മികച്ച സിനിമക്കുമുള്ള സംസ്ഥാന അവാർഡ് ലഭിച്ചു .സമൂഹത്തിന്റെ സഹായത്തോടെ എല്ലാ പ്രവർത്തനങ്ങളും കൂടുതൽ ജനകീയവും ഫലപ്രദവും ആക്കാൻ ശ്രമിച്ചിട്ടുണ്ട് .

## സയൻസ് ക്ലബ്ബ്

2023-2024 അധ്യയന വർഷത്തിൽ സയൻസ് ക്ലബ്ബിന്റെ ഉദ്ഘാടനം നടന്നു.ചാന്ദ്ര ദിനാഘോഷത്തിന്റെ ഭാഗമായി ജൂലൈ 21 ന് സ്ക്രൂളിൽ ചാന്ദ്രദിന സെമിനാറും, ശാസ്ത്ര ക്വിസ്സും, ശാസ്ത്ര പ്രദർശനവും നടന്നു. തുടർന്ന് ഓസോൺ ദിനാചരണത്തിന്റെ ഭാഗമായി സെപ്റ്റംബർ 16 ന് സൈക്കൾ റാലി സംഘടിപ്പിച്ചു. സ്ക്കൂൾ തല ശാസ്ത്രമേള സെപ്റ്റംബർ മാസത്തിൽ നടന്നു. 2023 ഒക്ടോബർ-നവംബർ മാസങ്ങളിലായി സബ് ജില്ലാ ശാസ്ത്രമേള ഇവിടെയാണ് നടന്നത്.സംസ്ഥാന തല ശാസ്ത്രമേളയിൽ മൽസരിക്കുകയും മൽസരിച്ച വിഭാഗങ്ങളിൽ മികച്ച ഗ്രേഡ് നേടുകയും ചെയ്ത വിദ്യാർത്ഥികൾ സയൻസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ മിഴിവേകി.






# പാഠ്യേതര പ്രവർത്തനങ്ങൾ

ക്ലാസ്മാഗസിൻ

വിദ്യാരംഗം കലാസാഹിത്യ വേദി

ക്ലബ്ബ് പ്രവർത്തനങ്ങൾ

ജൂനിയർ റെഡ്ക്രോസ്സ്

കൃഷിത്തോട്ടം



## വിത്തിട്ട്, വിളവെടുത്ത് അധ്യാപക കൂട്ടായ്മ

**ഒരേക്കർ സ്ഥലത്ത് കൃഷി ചെയ്ത് വെട്ടത്തൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകർ**

വെട്ടത്തൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ വളപ്പിലെ കൃഷിയിടത്തിൽ പ്രധാനാധ്യാപകൻ ടി.കെ.രാധാകൃഷ്ണൻ, അധ്യാപകരായ പി.പി.ഉണ്ണികൃഷ്ണൻ, വി.സുരേഷ്കുമാർ എന്നിവർ



## നേട്ടങ്ങൾ





Maximum cricket legends carved on leaves എന്ന വിഭാഗത്തിൽ ലിംക ബുക്ക് ഓഫ് റിക്കോർഡ്സിൽ ഇടം നേടിയ അജ്ന



മികച്ച കൃഷി അധ്യാപകർക്കുള്ള അവാർഡ് ശ്രീ.രാധാകൃഷ്ണൻ മാഷും ശ്രീ.സുരഷ് മാഷും ഏറ്റുവാങ്ങുന്നു.



ലഹരിവിരുദ്ധദിന ക്വിസ്സ് മൽസരം : മേലാറ്റൂർ സബ് ജില്ല ഒന്നാം സ്ഥാനം മുഹമ്മദ് അഷ്റഫ്



# മികവുകൾ:പത്രവാർത്തകളിലൂടെ



വെട്ടത്തൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ

## അഞ്ചു പടം പിടിച്ചു; മൂന്നിനും അവാർഡ്





## ജില്ലാ കർഷക അവാർഡ്; പുരസ്കാര നിറവിൽ വെട്ടത്തൂർ ജി.എച്ച്.എസ്.എസ്



## Malappuram school lifts film award

Staff Reporter

THIRUVANANTHAPURAM: *Manasiloru Mangostine*, a short film by students of the Government Higher Secondary School, Vattathur, Vandur, in Malappuram district, bagged the best film award in the Kazcha Short Film Festival organised by the Directorate of Public Instruction, which concluded here on Monday.

The film, on the theme of environment protection, also fetched the best screenplay award for Femina C.K. and Shafna Nasrin.

Sixty students from 11 schools participated in the two-day film festival organised under the Quality Education is Pupil's Right (QEPR) programme.

"Our film conveys the message of protecting the environment and our fellow creatures. The protagonist of the film is a boy who is inspired to love and protect nature by Vaikom Muhammad Basheer's writings," said Satyajith D, class 9 student of the Vattathur school who acted in the film.

Radhakrishnan T.K., team coordinator, cameraman and Malayalam teacher of the school, said the award was a hard- earned recognition for the school.

"These students have done a lot of hard work for this film and this award is a big encouragement for them. Most of them come from humble backgrounds. This recognition will also be an encouragement for the parents of these children to encourage the creative activities of their wards," he said.

*Ardram* by the Government Higher Secondary School, Nedunkunnam, Kottayam, and Njan *Padichathendennal* by the Government Higher Secondary School, Perashannur, Tirur, shared the award for the second best short film.

Ashok A. D'Cruz of the Government Higher Secondary School, Thoovoor, Vandur, bagged the award for best direction. Karthikeyan of the Government Sarvajana School, Sultan Bathery, won the best male actor award for his performance in *Dweepukal*.

Drishya of Government Technical Higher Secondary School, Meenankal, bagged the best female actor award for her role in *Nilavinte Poovukal*.

The winners were presented the awards by Madhu, veteran actor, at the valedictory function.

### First fete

"This is the first film festival organised exclusively for QEPR schools. Through this festival we are trying to explore the scope of using cinema or visual arts as a medium to impart quality education," said festival coordinator Jose D. Sujeev.

He said the school teams which participated in the festival were given training at a five-day workshop at the Chitranjali Studio here.

The directorate provided Rs.5,000 for making the films. Besides screening of students' films, the festival saw interactions with film personalities and technicians.



## ചരിത്രത്തിലേക്ക് ഒരു വെ



നാട്ടു വിശേഷം

## FREEDOM

How many days I spent
Locked up and crying in my room
Each day I spent
Hoping one day my life would bloom

Is it so hard to let someone live
alone in peace
without make them doubt
whether to live any more

Oh; what happened to the world
The trees look hollow
The sky looks pale

The birds don't sing any more
The flowers won't bloom
The rivers don't flow any more
And the youth won't leave their room


Each night, when Iam on my bed
I long for the hugs of freedom
And each day on the same bed
I wish upon the days of freedom

For a thousand year I wished
For the sweetness of love
But even after a decade of suffers
I still haven't been loved

The rich lives in luxury
Blooming everyday
While the poor spends in agony
Rotting everyday

Oh; how easier it would've been
When man realises a man.

-- Nourin T
10 D



## പ്രതീക്ഷയോടെ

വാടാമെന്നാലും വീഴരുത്
വാടിത്തളർന്നാലും വീഴ്ചയില്ല
ദൈവമുച്ചരിച്ചൊന്നുണ്ട്
“ഒരിക്കൽ നീ വാടിയെങ്കിൽ
നിന്നിൽ നാം വളർച്ച നൽകി"

ഒന്നാം ഘട്ടം നീ വാടിയെങ്കിൽ
നാലാം ഘട്ടം നീ ഉയർന്നേൽക്കപ്പെടും
മറ്റൊരാളെ ചിന്താഗതിയെ ഓർത്തു നീ എന്തിനു
മാറി
നിന്നിലെ ചിന്തയെ വളർത്താതെ

ഒരിക്കൽ നീ വാടിയെന്നുവെച്ചു
മൂലയിൽ കെട്ടിക്കിടക്കേണ്ടതാണോ നീ
വീഴ്ച്ചയെ പേടിച്ചു ജീവിതം നയിക്കാതെ
ഉയർന്നേൽക്കപ്പെടുന്ന നാൾ ഓർക്കു നീ

കൺമിഴികളിൽ നീ സ്വപ്നം കാണുന്നതെന്തോ
അതാണു നിന്നിലെ ലക്ഷ്യം
മറ്റൊരാളെ ചിന്തയിൽ സന്തുഷ്ടരാവുന്നതിനു
പകരം
നീ നിന്നിലെ സന്തോഷത്തെ നയിക്കു

ജീവിതം രണ്ടാണെങ്കിലും
മരണം ഒന്നാണ്
സ്വപ്നം എത്ര വൈകിയാണെങ്കിലും
യാഥാർത്ഥ്യമാക്കുക.

--ഫാത്തിമ ഹിബ.ടി
8 F

## ഓർമച്ചെപ്പ്

ഓർമ്മകളെന്നിലൊരു ചിന്തയായ് ജ്വലിക്കുന്നു
ഞാൻ പോലും അറിയാതെ കത്തിപ്പടരുന്നു
സ്നേഹിച്ചിരുന്നു ഞാനെൻ ചുവന്ന സ്വപ്നങ്ങളെ
സാക്ഷികളായൊരാ കറുത്ത സ്വപ്നങ്ങളും
നിശബ്ദമാം രാത്രിയിലേകയായ് മാറുമ്പോൾ
എന്നുമെൻ ഓർമ്മതൻ സ്വപ്നം
നിലയ്ക്കാതെ അറിയുന്നു ഞാൻ,..
തകരാതെ തകരുന്ന എൻ മോഹമെങ്കിലും
അറിയാതെ സ്നേഹിച്ചു പോരുന്നു ഞാൻ
ഒരുപാട് സ്നേഹിച്ച നൊമ്പരങ്ങൾ
മോഹഭംഗങ്ങളായ് മാറിയെന്നാകിലും
അറിയുന്നു ഞാൻ,
ഞാനെന്റ ജീവനില്ലെങ്കിലും പൂവണ്ടി ല്ലെങ്കിലും
 വെറും മോഹമെന്നാകിലും
ഒട്ടും മില്ലാ ചിന്തകൾ നൊബരങ്ങൾ
ആരോരുംമറിയാതെ നാമെടുക്കുന്നു
സഖീ..... ഒരു കൈത്താങ്ങായ് വന്നിട്ടു കെന്നു നീ....

**ശ്രുതി. ആർ**

## ആലാപനം

മഴ പാടിത്തുടങ്ങി ....
മൗനം ഘനീഭവിച്ച ആദി താളത്തിൽ
അമൃതവർഷിണിയുടെ ഒന്നാം കാലം ......
മാധുര്യമൂറുന്ന മുലപ്പാലിൽ തുടങ്ങി വെള്ളപൂശിയ
കുഴിമാടം വരെ നീണ്ട ആരോഹണാ
വരോഹണങ്ങൾ .....
സ്വപ്നം ജഡീഭവിച്ച മനസ്സിൽ ഇരുളിന്റെ
ശ്രുതിഭേദങ്ങൾ അറിയാതെ രണ്ടാം കാലവും
തുടങ്ങിയപ്പോൾ രാഗം സിന്ധുഭൈരവിയായി .......
ഇടിയും മിന്നലും ഇല്ലാതെ കാറ്റിന്റെ അകമ്പടി
പോലുമില്ലാതെ മൂന്നും നാലും അഞ്ചും കാലത്തിൽ
മായാമാളവഗൗളത്തിന്റെ അനല്പ്പാലാപനം .......
മൃത്യുശയ്യയിലെ നിസ്സഹായത പോലെ
ഇടറിത്തടഞ്ഞ പാട്ടിന്റെ താളം എന്തിനോ
തേങ്ങി ......
ഒടുവിൽ മൗനത്തിന്റെ ധവളതടാകത്തിൽ
ഒരൊറ്റത്തുള്ളിയായി ചുരുങ്ങിയൊതുങ്ങി
ആഴ്ന്നപ്പോൾ
ആറാം കാലത്തിൽ സർവരാഗങ്ങളും
അലിഞ്ഞുചേരുകയായിരുന്നു.

**ഉണ്ണികൃഷ്ണൻ. പി.പി.**

## അവിടം വരെ

........................

നിളെ....
നീ ഒരു ഓർമ്മപ്പെടുത്തലാണ്.
അന്നു നീ തന്ന-
തണുത്ത കാറ്റിൽ-
എന്നുടൽ പുളകിതയായതും.
കൽപ്പടവുകൾ താണ്ടി-
നിന്നിലേക്കിറങ്ങി വന്നതും.
ഒഴുകുന്ന നിന്നുടൽ-
എൻ പാദത്തെ
തഴുകിത്തലോടിപ്പോയതും.
നിൻ സ്പർശനത്താൽ-
ഞാനലിഞ്ഞില്ലാതായിപ്പോയിരുന്നു.
ഇളകിയാടുന്ന ഇഞ്ചിപ്പുൽ -
പൂക്കളാൽ സുന്ദരിയായിരുന്നു.
നിന്നെ കോരിയെടുത്തെൻ-
കൈക്കുമ്പിളാൽ-
മുഖമണച്ചതും.
പവിഴമണിതുള്ളിയായ്-
ഉമ്മവച്ചതും.
കാറ്റായി വന്നു നീ-
ഇറുക്കി പുണർന്നതും.
നിൻ്റെ ചുംബനങ്ങളാൽ-
തരളിതയായതും.
നിൻ മടിയിൽ-
തല ചായിച്ചിരിക്കാൻ?
ഒരിക്കൽക്കൂടി.... അവിടം വരെ!
വരുവാൻ പറ്റുമോ...
അറിയില്ല നീളെ.,
നിന്നരികിലേക്കണയാൻ .....

**ശാന്ത മുണ്ടൂർ**



# ഈ പോക്ക് എവിടേക്കാണ്

കലാപത്തിന്റെ നാളുകളിലാണ് നാം ജീവിക്കുന്നത്. കൊലപാതകവും ബലാത്സംഗവും ഭീഷണിപ്പെടുത്തി പണം തട്ടലും അരങ്ങുവാഴുന്നു. സൂര്യനേയും നക്ഷത്രങ്ങളെയും കാണുന്ന പോലെ ആയിരിക്കുന്നു അതെല്ലാം നമുക്ക്. ഇന്ന് അരങ്ങേറുന്ന ക്രൂരമായ കുറ്റകൃത്യങ്ങളിൽ മിക്കവയും നിഷ്കളങ്കരെന്ന് കരുതപെട്ടിരുന്ന യുവതലമുറയാണ് ചെയ്യുന്നത്. നിക്ഷേധവും കോപാവേശവും ഉടലെടുക്കുന്ന പ്രായം യുവത്വമായിരിക്കുന്നു. രാജ്യത്ത് നടക്കുന്ന കുറ്റകൃത്യങ്ങളിൽ 61 ശതമാനത്തിനും ഉത്തരവാദികൾ യുവതലമുറക്കാരാണ് എന്നാണ് നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ അതിന്റെ പുതിയ റിപ്പോർട്ടിൽ വെളിപ്പെടുത്തിയിരിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ഒടുവിലത്തെ യുവതലമുറയ്ക്ക് എവിടെയാണ് കാലിടറിയത്?

വെളിച്ചം വീശുന്ന പ്രകാശ ഗോപുരങ്ങളായിട്ടാണ് വിദ്യാലയങ്ങൾ കരുതപ്പെടുന്നത്. ആ അവസ്ഥ പാടെ മാറിയിരിക്കുന്നു. ദുരന്ത നാടകങ്ങളുടെയും ദയനീയ പരാജയങ്ങളുടെയും വീഴ്ചപ്പ് കെട്ട് കൈമുതലാക്കിയ കലാലയങ്ങൾ ഇത്തിരി വെളിച്ചവും ഒത്തിരി പു കയും പരത്തുന്ന വെറും മണ്ണെണ്ണ വിളക്കുകൾ മാത്രമായി പരിണമിച്ചിരിക്കുന്നു. ബാഹ്യ ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അച്ചടക്കരാഹിത്യവും അസ്വസ്ഥതയും പ്രതിഫലിപ്പിക്കുന്നവരാണ് ആധുനിക വിദ്യാർഥിസമൂഹം. പാശ്ചാത്യ ജീവിതരീതി അനുകരിച്ച് തുടങ്ങിയപ്പോൾ വിദ്യാർത്ഥി ലോകം പുളകിതരായി. പക്ഷേ അതോടൊപ്പം

മനുഷ്യ ജീവിതത്തിന്റെ കുലീനത സാവധാനം ഒലിച്ചു പോയത് അവൻ കണ്ടില്ല. ക്രമേണ ജീവിതം അവന് അവമതിക്കപ്പെട്ട് അറിവുകൾ നഷ്ടപ്പെട്ട ഒന്നായി തീർന്നു.

ഒരു റഷ്യൻ കർഷകൻ ഒരിക്കൽ പറഞ്ഞ വാക്കുകൾ ഇവിടെ ഓർമ്മിച്ചുപോകുന്നു. "മനുഷ്യൻ ആകാശത്തിൽ പക്ഷിയെ പോലെ പറക്കാനും വെള്ളത്തിൽ മത്സ്യത്തെപ്പോലെ നീന്താനും പഠിച്ചു പക്ഷേ മനുഷ്യനെ പോലെ ജീവിക്കാൻ മാത്രം അറിവ് മനുഷ്യന് ഉണ്ടായില്ല" ഇന്നത്തെ യുവതലമുറയെ കുറിച്ചുള്ള ശരിയായ ഒരു വിലയിരുത്തലാണിത്. താടിയും മുടിയും നീട്ടി കഞ്ചാവിലും കറുപ്പിലും ചരസ്സ്ലും ബ്രൗൺഷുഗറിലും പൈപ്പ് വിൽസിലും അഭയം തേടി ഉലകം ചുറ്റികൾ ആയിരിക്കുന്ന ഹോബോസ്സുകളുടെയും ജാക്സൺ കട്ടുകളുടെയും എണ്ണം അനുദിനം വർദ്ധിക്കുന്നു. മയക്കുമരുന്നുകളുടെ ലഹരിയിൽ വിരിഞ്ഞു മുറുക്കി ഇഹത്തിലും പരത്തിലും അല്ലാത്ത "ഇൻസ്റ്റന്റ് ഈശ്വരനെ " തേടി അനേകം യുവതി യുവാക്കൾ അർദ്ധനഗ്നരായി പാർക്കുകളിലും ബീച്ചുകളിലും കഴിഞ്ഞുകൂടുന്നു. ആ ന്തര സംഘർഷങ്ങളും മോഹഭംഗങ്ങളും

ജീവിത സാഹചര്യങ്ങൾ ചെലുത്തുന്ന സമ്മർദ്ദ ങ്ങളും അസ്സഹനീയമായി, പൊട്ടിത്തെറിയോടടുക്കുമ്പോൾയുവാവ് തന്റെ ഉള്ളിലെ പിരിമുറുക്ക ങ്ങളെ സാമൂഹിക വിരുദ്ധമായ കൃത്യത്തിലൂടെ പുറത്ത് വിടുന്നു. അവനിൽ ഉണ്ടാകുന്ന വൈകാരിക സംഘട്ടനങ്ങളെയോ അവയുടെ പ്രതികരണങ്ങളെയോ മനസ്സിലാക്കാൻ മാതാപിതാക്കളും മുതിർന്നവരും പരാജയപ്പെടുന്നു. ഇത്തരം അപഥ സഞ്ചാരം യുവ മനസ്സുകളെ ആകെപ്പാടെ അ സ്വസ്ഥരാക്കി തീർത്തിരിക്കുന്നു.

ഇന്നത്തെ മനുഷ്യൻ അധരം നിറയെ തത്ത്വ ഉ ഉപദേശങ്ങളും ഹൃദയം മുഴുവൻ അഴുക്കുചാലുകളുമായി അലഞ്ഞു തിരിയുകയാണ്. പണവും പ്രതാപവും ഉള്ളപ്പോൾ അവിഹിതബന്ധങ്ങൾ, ആഡംബരത്തിന്റെ ആവശ്യം, അല്ലാത്തപ്പോൾ അവിശ്വസ്യതയുടെ വിലക്കപ്പെട്ട കനി. ഇങ്ങനെ പോകുന്നു ഇന്നത്തെ ധർമ്മശാസ്ത്രങ്ങളുടെ ഇരട്ടത്താപ്പ് നയം. മൊട്ടുസൂചി മുതൽ മോട്ടോർ കാർ വരെയുള്ള ഉത്പന്നങ്ങൾ സെക്സിന്റെ അകമ്പടിയോടെ കമ്പോളത്തിൽ എത്തിക്കാനുള്ള പ്രവണത ഇന്നും പ്രബലമായിക്കൊണ്ടിരിക്കുന്നു. കച്ചവട പരസ്യങ്ങളിൽ നിന്നും അശ്ലീല സാഹിത്യങ്ങളിൽ നിന്നും രൂപംകൊള്ളുന്ന യുവതലമുറയുടെ ലൈംഗിക ധാരണ ധർമ്മബോധത്തിന്റെ ഭാഗികമായ വീക്ഷണം മാത്രം ഉൾക്കൊള്ളുന്നതിനാൽ ജീവിതപ്രശ്നങ്ങളുടെയോ ലോകയാഥാർത്ഥ്യങ്ങളുടെയോ കാര്യമായ ബന്ധം ഒന്നുമില്ലാത്ത ഇവർക്ക് ഉപകാരത്തെക്കാൾ ഏറെ ഉപദ്രവമേ ചെയ്യൂ. വീഴ്ചകളിൽ നിന്നും ഉണ്ടാവിക്കുന്ന തുടർച്ചയായുള്ള ആത്മനിന്ദയും കുറ്റബോധവും അവന്റെ ആത്മവിശ്വാസത്തെയും വ്യക്തി മഹാത്മ്യ ബോധത്തെയും മുരടിപ്പിച്ചുകളയുന്നു. ഈ യാഥാർത്ഥ്യത്തിനെതിരെ സമൂഹം മുഖം തിരിക്കരുത്.

നമ്മുടെ സംസ്കാരത്തിൽ നിന്നുകൊണ്ട് മത രാഷ്ട്രീയ വിഭാഗീയ ചിന്തകൾക്കതീതമായി പ്രവർത്തിക്കുന്ന ഉത്തമ വ്യക്തിത്വമുള്ള പൗരന്മാരായി ഞാനും നിങ്ങൾ അടങ്ങുന്ന വിദ്യാർഥി സമൂഹവും ഉരു തിരിയണമെന്നും സംസ്കാരത്തിൽ നിന്ന് ബഹുദൂരം മാറി പണ ത്തിന്റെയും പദവിയുടെയും അധികാരത്തിന്റെയും കവലകളിൽ അലഞ്ഞു തിരിയുന്നവരെ നേർവഴിക്കു നയിക്കാനും അടുത്ത തലമുറയെ ആപത്തിൽ നിന്നും രക്ഷിക്കാനും നമുക്ക് കഴിയട്ടെ..

കെ.പി.മണികണ്ഠൻ
എച്.എസ്.ടി. സോഷ്യൽ സയൻസ്

# ജി.എച്ച്.എസ്.എസ്. വെട്ടത്തൂർ 2024
# സുവർണ്ണ ജൂബിലി നിറവിൽ



# THANK YOU

